**19U452** (Pages: 2) Name: ...................................

Reg.No: ...................................

**FOURTH SEMESTER B.A. DEGREE EXAMINATION, APRIL 2021**

(CBCSS - UG)

(Regular)

**CC19U MAL4 B05 - പ്രാചീന - മധ്യകാലമലയാളകവിത**

(Malayalam - Core Course )

(2019 Admission - Regular)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. അച്ചീചരിതങ്ങൾ എന്നറിയപ്പെടുന്ന കൃതികൾ ഏതെല്ലാം?
2. പുരുഷഭേദപ്രത്യയം എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?
3. എതുക എന്നാൽ എന്ത്?
4. നിരണം വൃത്തം എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?
5. മണിപ്രവാളത്തിന്റെ  ലക്ഷണം എന്ത്?
6. ജാതീയതയെ അപഹസിക്കുന്ന നാടൻപാട്ടുകൾ പരിചയപ്പെടുത്തുക.
7. നളമഹീനായകനുണ്ടായതുപോലുള്ള സന്തോഷം എപ്പോഴാണ് നൈഷധംചമ്പൂകാരന് ഉണ്ടായത്?
8. അങ്ങാടിവർണ്ണനകൾ ഏതു സാഹിത്യവിഭാഗത്തിലാണ് പ്രായേണ കാണുന്നത്?
9. കുഞ്ചൻ നമ്പ്യാരുടെ ഘോഷയാത്രയിൽ വരുന്ന പ്രധാനപ്പെട്ട പഴഞ്ചൊല്ലുകൾ ഏതെല്ലാം?
10. "കേഴപ്പെടായ്ക നീയേതുമേ മന്നവ / വാഴപ്പഴം താനശിപ്പാൻ കരയുന്ന / ബാലക്കിടാങ്ങളെപ്പോലെ തുടങ്ങായ്ക". വിവക്ഷ എന്ത്?
11. കുചേലന്റെ രൂപം കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?
12. എന്താണ് നാടൻപാട്ടുകൾ?
13. തോറ്റം പാട്ടിന്റെ സവിശേഷത എന്ത്?

14. ക്രിസ്തീയ ജനവിഭാഗത്തിലെ പ്രധാന നാടൻപാട്ടുകളുടെ സവിശേഷതകൾ എന്തെല്ലാം?

15. ബാലഡ്സ് ഓഫ് നോർത്ത് മലബാർ' എന്ന കൃതി ആരാണ് തയ്യാറാക്കിയത്? അതിലെ പ്രമേയം എന്ത്?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. കാലക്രമം അനുസരിച്ചുള്ള സാഹിത്യചരിത്രങ്ങളുടെ പരിമിതികൾ എന്തെല്ലാം?

17. രാമചരിതം നിർമ്മിതിയുടെ പ്രാരംഭമായി ആരെയെല്ലാം ആണ് കവി പ്രാർത്ഥിക്കുന്നത്?

18. കാളംപോലെ കുസുമധനുഷോ ഹന്ത പുങ്കോഴി കൂവി / ചോളംപോലെ ചിതറിവിളറി താരകാണാം നികായം / താളം പോലെ പുലരിവനിതയ്ക്കാഗതൌ ചന്ദ്രസൂര്യൌ / നാളം പോലെ നളിനകുഹരാദുദ്ഗതാ ഭൃംഗരാജി – സാരസ്യം വിശദമാക്കുക.

19. ഭാഷാചമ്പുക്കൾ രംഗപ്രയോഗത്തിനായി ഉപയോഗിച്ചിരുന്നു എന്നതിന്റെ സൂചനകൾ ഭാഷാനൈഷധം ചമ്പുവിനെ മുൻനിർത്തി വിശദമാക്കുക.

20. അമ്പാടിയിലേക്ക് പുറപ്പെട്ടപ്പോൾ അക്രൂരന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ എന്തെല്ലാം?

21. കൃഷ്ണഗാഥയിലെ ഭക്തിയുടെ സ്വരൂപം പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

22. നാടൻപാട്ടുകളെ സാഹിത്യത്തിൽനിന്നും വേർതിരിക്കുന്ന സവിശേഷതകൾ എന്തെല്ലാം?

23. ഇരവിക്കുട്ടിപ്പിള്ള പോരിലെ യുദ്ധയാത്രയുടെ ആവിഷ്കാരഭംഗി വർണിക്കുക.

**(Ceiling: 35 Marks)**

**Part C** (Essay questions.)

Answer any ***two*** questions. Each question carries 2 marks.

24. നാടൻപാട്ടുകൾ മുതൽ കുചേലവൃത്തം വഞ്ചിപ്പാട്ടുവരെയുള്ള മലയാളകാവ്യപാരമ്പര്യത്തെ ഒരൊറ്റ സരണിയായി കണക്കാക്കാമോ? ചർച്ച ചെയ്യുക.

25. സന്ദേശം അത് ഒന്നേയുള്ളൂ എന്ന് പറയുന്നതിലെ യുക്തി എന്ത്? ചർച്ചചെയ്യുക.

26. സമകാലിക ജീവിതം നമ്പ്യാർ കൃതികളിൽ പ്രതിഫലിക്കുന്നതെങ്ങനെ?

27. പാട്ട്, മണിപ്രവാളം സാഹിത്യശാഖകളുടെ പ്രസ്ഥാനപരമായ സവിശേഷതകൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

**(2 × 10 = 20 Marks)**

*******